**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1736** **08-12-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര മാസത്തെ തുകയാണ് നൽകാനുള്ളത്; വ്യക്തമാക്കുമോ; | (എ) | ക്ഷേമ പെൻഷൻ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. |
| (ബി) | വഖഫ് ബോർഡ് വഴിയുള്ള മറ്റ് ഏതെല്ലാം ധനസഹായങ്ങളാണ് കുടിശ്ശികയുള്ളത്; ഓരോ ഇനത്തിലും എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാനുണ്ട്; എന്തുകൊണ്ടാണ് യഥാസമയം തുക വിതരണം ചെയ്യാത്തതെന്ന് അറിയിക്കാമോ; | (ബി) | വഖഫ് ബോർഡ് മുഖേനയുള്ള ചികിത്സ ധനസഹായവുമായി ബന്ധപ്പെട്ട് സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 1406 അപേക്ഷകളിൽ 15,000/- രൂപ വീതം ആകെ 2,10,90,000/- രൂപയും, വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട് സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 3050 അപേക്ഷകളിൽ 10,000/- രൂപ വീതം ആകെ 3,05,00,000/- രൂപയും, ഇസ്ലാമിക് ചെയർ ഇനത്തിൽ സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 2021-22 സാമ്പത്തിക വർഷത്തെ 3,00,000/- രൂപയും അനുവദിക്കുവാൻ ബാക്കിയുണ്ട്. ഗ്രാന്റ് തുക സർക്കാരിൽ നിന്ന് വർഷാ വർഷം റിലീസ് ചെയ്യുന്ന മുറയ്ക്ക്, ബോർഡ് ധനസഹായം വിതരണം ചെയ്തു വരുന്നു. |
| (സി) | വഖഫ് ബോർഡിന് മതിയായ ഗ്രാന്റ് വകയിരുത്താത്തതാണ് ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ആകെ എത്ര തുകയാണ് ക്ഷേമ പെൻഷനും ധനസഹായ വിതരണത്തിനുമായി ആവശ്യമായി വരുന്നത്; ഇതിൽ സർക്കാർ ഗ്രാന്റ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ക്ഷേമ പെൻഷനുവേണ്ടി ഏകദേശം 1,20,00,000/- രൂപയും വിവാഹ ധനസഹായത്തിന് ഏകദേശം 80,00,000/- രൂപയും ചികിത്സ ധനസഹായത്തിന് ഏകദേശം 60,00,000/- രൂപയും ചേർത്ത് ആകെ 2,60,00,000/- രൂപ ഒരു വർഷം വേണ്ടി വരും. സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഇനത്തിൽ 2022-23 സാമ്പത്തിക വർഷം 1,32,00,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിൽ 2022-23 വർഷത്തേക്കുള്ള 1,00,00,000/- രൂപ റിലീസ് ചെയ്തു |

| | | | |
|---|---|---|---|
| | | | നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന ബഡ്ജറ്റ് വിഹിതമായ 32 ലക്ഷം രൂപ അനുവദിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ